LIBRARY ARCHIVES Kerala Legislative Assembly

വയോജന സംരക്ഷണ പദ്ധതി

196(1181) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു *.

(ബി) കോവിഡ് വ്യാപനത്തെത്തുടർന്ന് വയോജനങ്ങൾക്കുവേണ്ടി ആരംഭിച്ച പ്രത്യേക പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

1. ഗ്രാന്റ് കെയർ പദ്ധതി - വയോജന കോൾ സെന്റർ: സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കോവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിൽ ഉള്ള വയോജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിക്കുന്നതിനായി വയോജന സെല്ലിനോട് അനുബന്ധിച്ച് 14 ജില്ലകളിലും വയോജന കോൾസെന്റർ പ്രവർത്തിച്ചുവരുന്നു.

2. വയോപോഷണം - കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയുമായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കാൻ കഴിയുന്ന രണ്ട് മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തിയ കിറ്റാണ് പദ്ധതി പ്രകാരം സായംപ്രഭ ഹോമുകളിലൂടെ വിതരണം ചെയ്യുന്നത്.

(സി) വൃദ്ധജനങ്ങൾക്ക് വാക്സിനേഷൻ നൽകുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ടോ?

മുതിർന്ന പൗരന്മാർക്ക് കോവിഡ് വാക്സിനേഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വയോജന കാൾ സെന്ററിനോടനുബന്ധമായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് മുഖേന സഹായങ്ങൾ നൽകിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.